**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **15-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ജി. എസ്. ടി. വകുപ്പിലെ നിയമന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഇൻ്റലിജൻസ് ഇൻവസ്റ്റിഗേഷൻ മേധാവിക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യത എന്തെല്ലാമാണ് എന്നറിയിക്കാമോ; ഇതിലേക്കായി അപേക്ഷ സമർപ്പിച്ചവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ഇൻ്റലിജൻസ് ഇൻവെസ്റ്റിഗേഷൻ മേധാവിയെ നിയമിക്കുന്ന നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | അപേക്ഷ സമർപ്പിച്ചവരിൽ വിരമിച്ച ജി.എസ്.ടി. വകുപ്പ് ജീവനക്കാരുണ്ടോ എന്നറിയിക്കാമോ; | (ബി) | ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | പ്രസ്തുത പോസ്റ്റിൽ അപേക്ഷ സമർപ്പിച്ചവരിൽ സർവ്വീസ് കാലയളവിൽ കൈക്കൂലി വാങ്ങിയതിനും അനധികൃത സ്വത്ത് സമ്പാദനത്തിനും സസ്പെൻഷനും വിജിലൻസ് നടപടികളും നേരിടുന്നവർ അപേക്ഷ സമർപ്പിച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | സംസ്ഥാന ജി. എസ്. ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് എന്നറിയിക്കാമോ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എം.ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ, കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ 2003-ൽ നൽകിയ പരാതിയിലും ജി.എസ്.ടി. വകുപ്പ് കൊച്ചി സിറ്റി പോലീസിൽ നൽകിയ പരാതിയിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ